കേരളീയം

# പ്രകടനപത്രികകളിൽ ഇല്ലാതെ പോകുന്നത്

കേരളം ഭരിക്കാൻ തയ്യാറെടുക്കുന്ന ഇടതു-വലതു മുന്നണികൾക്ക് കേരളത്തിന്റെ പ്രശ്നങ്ങൾ ഒന്നും പഠിക്കാൻ സമയമുണ്ടായില്ല എന്ന് വ്യക്തമാക്കുന്നതാണ് അവരുടെ പ്രകടനപത്രികകൾ. കേരളത്തിന്റെ തനത് പ്രശ്നങ്ങൾക്ക് പരിഹാരം തേടാൻ ആരും മിനക്കെട്ടിട്ടില്ല. അടുത്ത അഞ്ചുവർഷം കേരളം സാമ്പത്തികരംഗത്ത് നേരിട്ടേക്കാവുന്ന പ്രതിസന്ധികൾ ഇരുമുന്നണികൾക്കും വിഷയമല്ല. നാണ്യവിളരംഗത്തെ തകർച്ചകൾ, കേരളത്തിന്റെ കാർഷികരംഗത്തെ എങ്ങനെ മാറ്റും എന്നതിനെക്കുറിച്ചോ, ഈ മാറ്റത്തിൽ സർക്കാരുകൾ വഹിക്കേണ്ട പങ്കെന്തെന്നിനെക്കുറിച്ചോ മുന്നണികൾക്ക് ധാരണയില്ല. തൊഴിൽ തന്നെ ഇല്ലാതാവുന്ന അവസ്ഥയിൽ സംവരണത്തെക്കുറിച്ച് ഉള്ള ചർച്ചയും വിവാദങ്ങളും പൊടിപൊടിക്കുന്നു.

വിഭവകയറ്റുമതിയും, മാനവികശേഷി കയറ്റുമതിയും വഴി ഏറ്റവും കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ, സമീപഭാവിയിൽ തന്നെ ഈ രണ്ടു കയറ്റുമതികളും പ്രതിസന്ധിയിലേക്കു നീങ്ങുകയാണ്. എന്തു കുറ്റങ്ങൾ പറഞ്ഞാലും, കേരളത്തിന്റെ അടിസ്ഥാനവിദ്യാഭ്യാസരീതി അറിവിൽ ശക്തമായ അടിത്തറയുറപ്പിക്കുന്നതാണ്. ബയോടെക്നോളജി മുതൽ, ഇൻറർനെറ്റ് ടെക്നോളജിവരെ പഠിച്ചെടുക്കാൻ ഇത് സഹായിക്കുന്നു. എന്നാൽ ദിനം ദിനം മാറുന്ന (വിദ്യാഭ്യാസത്തിന് വാണിജ്യമൂല്യം സിദ്ധിക്കുന്നത്, പുതിയ പുതിയ മേഖലകളിൽ പരിശീലനം ഉണ്ടാക്കേണ്ടിവരുമ്പോഴാണ്. പരിശീലനം അറിവിന് ഉപരിയായി പ്രതിഷ്ഠിക്കപ്പെടുകയാണിവിടെ) ബാഹ്യാവസ്ഥകളും, അതിന് തക്കവിദ്യാഭ്യാസസ്ഥാപനങ്ങളുമാണ് ഇരു മുന്നണികളും വിഭാവനം ചെയ്യുന്നത്. കമ്പ്യൂട്ടർ വിദ്യാഭ്യാസം പുതിയ മുദ്രാവാക്യമായി ഉയർത്തുമ്പോൾ, അടിസ്ഥാനസാമ്പത്തികാവസ്ഥയുടെ പ്രശ്നങ്ങൾ മൂടിവെക്കാനോ, മറയ്ക്കാനോ, മറക്കാനോ ആണ് ശ്രമം. ഉല്പാദനവികസനമില്ലാതെ നിലനിൽക്കുന്ന സമ്പദ്‌വ്യവസ്ഥകളുടെ പ്രശ്നങ്ങൾ കിഴക്കൻ പുലികളുടെ അനുഭവത്തിൽ നിന്ന് നാം പഠിച്ചെടുക്കേണ്ടതാണ്. ബലൂൺ സമ്പദ്‌വ്യവസ്ഥകൾ തൽക്കാലത്തേക്ക് കണ്ണുകളിർപ്പിച്ചേക്കുമെങ്കിലും, പെട്ടെന്ന് പൊട്ടി ശൂന്യമാവും. 12 ലക്ഷം പേർക്ക് തൊഴിലെന്ന ഒരു വിഭാഗവും, 15 ലക്ഷം പേർക്ക് തൊഴിലെന്ന് മറുവിഭാഗവും വാഗ്ദാനം ചെയ്യുമ്പോൾ കേരളത്തിലെ ജനസംഖ്യയിൽ ആറിലൊന്ന് - അരക്കോടിയോളം പേർ തൊഴിലില്ലാത്തവരായി രജിസ്റ്റർ ചെയ്യപ്പെട്ടവരാണ് എന്നറിയണം. തൊഴിലിന് ഒരവകാശമല്ലാത്ത വ്യവസ്ഥിതിയിലാണ്, സംഘടിതമേഖലയിൽ നിന്ന് നിരവധി തൊഴിലുകൾ നഷ്ടപ്പെടുന്നത്. തൊഴിൽ ഉല്പാദിപ്പിക്കുന്ന മൂല്യത്തെക്കുറിച്ചുള്ള വിവാദം ഇതോടൊപ്പം തുടരുന്നത് അർത്ഥശൂന്യമാവുന്നത്.

ദൈനംദിന ഭരണത്തിലെ സാമ്പത്തികപ്രതിസന്ധിക്ക് കാരണങ്ങൾതേടാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും ഇരു മുന്നണികളും തയ്യാറായിട്ടില്ല. പകരം കള്ളുഷാപ്പുകൾ സഹകരണമേഖലയിൽ അനുവദിക്കാമോ, ഇല്ലയോ എന്നതാണ് മുഖ്യപ്രശ്നമായി ചർച്ചചെയ്യപ്പെട്ടന്നത്.

ഭരണത്തിൽ ആരു വന്നാലും, കേരളത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവില്ലെന്ന് "പ്രകടനപത്രികകൾ" എന്ന പേരിലുള്ള രേഖകൾ വ്യക്തമാക്കുന്നു. പിന്നെ, എന്തു ജനാധിപത്യം നിലനിർത്തണം, ആർക്ക് വോട്ടുചെയ്യണം, ഇത്യാദികൾ നിങ്ങൾ (നമ്മൾ) ജനങ്ങൾ നിശ്ചയിക്കുക.